**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആഗ്രത അവോൺ എക്സിം -ൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തിനായി ഫയൽ അയച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പ് തീരുമാനമെടുത്തിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടിക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ: എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | ഇല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഗ്ലൗസ് വാങ്ങാനുള്ള കരാർ റദ്ദാക്കിയ സാഹചര്യത്തിൽ അവർ ലഭ്യമാക്കിയ ഗ്ലൗസ്- ന്റെ വിലയേക്കാൾ കൂടിയ തുക കെ.എം.എസ്.സി.എൽ. ഈ സ്ഥാപനത്തിനു നൽകിയിട്ടുണ്ടോ; | (ഇ) | ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിന് നല്കിയ വിതരണ ഉത്തരവ് പ്രകാരം 6,07,60,000/- രൂപ മുൻകൂർ തുക നല്കിയിട്ടുണ്ട്. ടി തുകയിൽ നിന്നും 5,05,52,320/- രൂപയുടെ സാമഗ്രികൾ ടി സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്. വിതരണ ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ ടി സ്ഥാപനത്തിനു നൽകിയ മുൻകൂർ തുകയിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | കെ.എം.എസ്.സി.എൽ. അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (എഫ്) | ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിന് നല്കിയ വിതരണ ഉത്തരവ് പ്രകാരം 6,07,60,000/- രൂപ മുൻകൂർ തുക നല്കിയിട്ടുണ്ട്. ടി തുകയിൽ നിന്നും 5,05,52,320/- രൂപയുടെ സാമഗ്രികൾ ടി സ്ഥാപനം വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. വിതരണ ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ ടി സ്ഥാപനത്തിനു നൽകിയ മുൻകൂർ തുകയിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ